പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 675 — 13/07/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കോളനികളുടെ വികസന പ്രവർത്തനങ്ങൾ

ചോദ്യം — മറുപടി

ശ്രീ.കെ.രാധാകൃഷ്ണൻ :
ശ്രീ എളമരം കരീം
ശ്രീ.എം.ചന്ദ്രൻ
ശ്രീ.പുരുഷൻ കടലുണ്ടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ കോളനികളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇരുപത്തിയഞ്ച് പട്ടികവർഗ്ഗ കോളനികളെ മാതൃകാ പട്ടികവർഗ്ഗ കോളനികളാക്കി മാറ്റുമെന്ന സപ്തധാരാ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ; | (ബി) | 25 പട്ടികവർഗ്ഗ കോളനികളെ മാതൃകാ പട്ടികവർഗ്ഗ കോളനികൾ ആക്കിമാറ്റുമെന്ന സപ്തധാര പ്രഖ്യാപനം നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികൾ മാതൃകാ കോളനികളാക്കി മാറ്റുന്നതിന്റെ പ്രരംഭഘട്ടമായി കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കുഞ്ഞോം, വാകേരി, കാരാപ്പുഴ എന്നീ 5 പട്ടികവർഗ്ഗ കോളനികൾ മാതൃകാ കോളനികളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഉദ്ദേശ്യ ലക്ഷ്യം നേടാനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ഇതിന്റെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം വയനാട് ജില്ലയിലെ കാരാപ്പുഴ, കുഞ്ഞോം, വാകേരി എന്നീ 5 പട്ടികവർഗ്ഗ കോളനികൾ മാതൃകാ |

| | | | |
|---|---|---|---|
| | | | കോളനികൾ ആക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി ഒരോ കോളനിയിലും 25 വീടുകൾവീതം വീട് ഒന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നല്കി 20/3/12-ലെ സർക്കാർ ഉത്തരവ് (സാധാ) നം.508/12/പജപവവിവ പ്രകാരം ഉത്തര വായിട്ടുള്ളതും, ആയത് പ്രകാരം വീട് നിർമ്മാണത്തിനാവശ്യമായ 6.65 കോടി രൂപ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുവദിക്കുകയും ഈ തുക 16/5/12-ന് കേരള പോലീസ് ഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ചാലക്കയം ഒഴിച്ച് ബാക്കി 4 സ്ഥലവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്ര ണത്തിൽ ലഭ്യമായിട്ടുണ്ട്. ചാലക്കയത്ത് വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 4 ഹെക്ടർ സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറി കിട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. സമയബന്ധിതമായി പദ്ധതി തീർക്കുന്നതിന് ഓരോ മോഡൽ കോളനി യിലും നോഡൽ ആഫീസറന്മാരായി അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ ചുമത- ലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ